**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **27-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരോൽപ്പാദന മേഖല കൂടുതൽ ആദായകരവും സുസ്ഥിരവുമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | ക്ഷീര ഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്, ഇതിനായി സർക്കാർ ധനസഹായത്തോടെ കറവപശുക്കളെ വാങ്ങുന്നതിനും, രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ, |

| | | | |
|---|---|---|---|
| | | | ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. |
| (സി) | ക്ഷീര ഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | (സി) | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെ പാലുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഡി) | മലപ്പുറം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | 2018-19 -ൽ കണ്ണമംഗലം, വട്ടക്കുളം പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. 2019-20-ൽ ആനക്കയം പഞ്ചായത്തിലും 2020-21-ൽ മങ്കട പഞ്ചായത്തിലും പദ്ധതി നടപ്പിലാക്കി. |
| (ഇ) | 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ക്ഷീരവികസന വകുപ്പുമുഖേന തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിനത്തിൽ 2017-18 വർഷം 1,76,000/- രൂപയും 2018-19 വർഷം 6,15,443/- രൂപയും തിരൂർ മണ്ഡലത്തിൽ ചെലവഴിച്ചു. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായമായി 2017-18 ൽ 56,707/- രൂപയും 2018-19 ൽ 1,25,919/- രൂപയും നൽകി. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കായി 2017-18, 2018-19 കാലഘട്ടങ്ങളിൽ യഥാക്രമം 39,000/- രൂപയും 25,000/-രൂപയും ചെലവഴിച്ചു. തീറ്റപ്പുൽകൃഷിയ്ക്കായി 2017-18 ൽ 1000/- രൂപയും 2018-19 ൽ 45,225/- രൂപയും ധനസഹായം നൽകി. ധാതുലവണമിശ്രിത വിതരണത്തിനായി 2018-19 ൽ മണ്ഡലത്തിൽ 16,000/- രൂപ നൽകി. കേന്ദ്രസർക്കാർ സ്കീമിൽ 2017-18 ൽ 25,100/- രൂപയുടെ ഫണ്ട് ചെലവഴിച്ചു. ക്യാറ്റിൽഫീഡ് സബ്സിഡിയായി തദ്ദേശസ്വയംഭരണ വകുപ്പുവഴി 9,47,183/- രൂപ 2018-19 ൽ മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് നൽകുന്ന മിൽക്ക് ഇൻസെന്റീവ് പദ്ധതി പ്രകാരം ധനസഹായമായി 2017-18 ൽ 7,92,797/- രൂപയും 2018-19 ൽ 3,17,327/- രൂപയും തിരൂർ മണ്ഡലത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ